DESPATCHED
On..30.1.2021

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

**തിരുവനന്തപുരം 695 001.**

**ഹർജി നമ്പർ സി.പി. 531(3)/2020/എസ്.ഐ.സി.**

**തീർപ്പു കൽപ്പിച്ച തീയതി 12.01.2021**

**സന്നിഹിതൻ**

**ശ്രീ. എസ്. സോമനാഥൻ പിള്ള, വിവരാവകാശ കമ്മീഷണർ**

**Sri. Vineeth T. K.,
Velluvaveedu (H),
Vayakkara, Kaithapram P. O.,
Sreekandapuram (Via),
Kannur – 670 631.** } **പരാതി ഹർജിക്കാരൻ**

**Vs**

**സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ &
അസിസ്റ്റന്റ് എഞ്ചിനീയർ,
കേരളാ പൊതുമരാമത്ത് വകുപ്പ്,
നിരത്തുകൾ വിഭാഗം,
ഇരിക്കൂർ – 670 593.** } **എതിർകക്ഷി**

## ഉത്തരവ്

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 30.07.2020 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭിച്ച തീയതി | 04.09.2020 |
| കമ്മീഷൻ മുമ്പാകെ പരാതി ഹർജി സമർപ്പിച്ച തീയതി | 22.09.2020 |
| ഹർജിക്കാരന്റെ പരാതി ഹർജി കൈപ്പറ്റിയ തീയതി | 25.09.2020 |

ഈ പരാതി ഹർജി തീർപ്പാക്കുന്നതിനായി 12.01.2021 – ന് ടെലിഫോൺ മുഖേന കമ്മീഷൻ നടത്തിയ ഹിയറിംഗിൽ രണ്ടു കൂട്ടരും കമ്മീഷനിൽ നൽകിയ മൊഴികളും സമർപ്പിക്കപ്പെട്ട രേഖകളും വിശദമായി പരിശോധിച്ച് ഈ പരാതി ഹർജി താഴെ പറയും പ്രകാരം തീർപ്പാക്കുന്നു.

2) പി.ഡബ്ല്യൂ.ഡി. യുടെ തളിപ്പറമ്പ റോഡ്സ് സബ് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് (എസ്.പി.ഐ.ഒ.) സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് യാതൊരു മറുപടിയും

ലഭിക്കാത്തതിനെ തുടർന്ന് സമർപ്പിച്ച ഒന്നാം അപ്പീലിന് മറുപടിയായി എസ്.പി.ഐ.ഒ. അറിയിച്ചത് ചോദ്യങ്ങൾക്ക് ഉത്തരം നൽകുക എന്നത് വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നതല്ല എന്നും, അപേക്ഷകൻ ആവശ്യപ്പെട്ട 3 ചോദ്യങ്ങൾക്കും മറുപടി ലഭിക്കുന്നതിനായി വിവരാവകാശ അപേക്ഷയിൽ സൂചിപ്പിച്ച പ്രവർത്തിയുടെ എഗ്രിമെന്റ്, എസ്റ്റിമേറ്റ്, തുടങ്ങിയ രേഖകൾ ഓഫീസിൽ നേരിട്ട് ഹാജരായി പരിശോധിക്കാവുന്നതാണ് എന്നുമാണ്. എസ്.പി.ഐ.ഒ. യുടെ മറുപടിയിൽ പ്രതിഷേധിച്ചാണ് ശ്രീ. വിനീത് ടി. കെ. ഈ പരാതി ഹർജി കമ്മീഷനൽ സമർപ്പിച്ചത്.

3) ഈ പരാതി ഹർജി സംബന്ധിച്ച് എസ്.പി.ഐ.ഒ. ആയ അസിസ്റ്റന്റ് എഞ്ചിനീയർ ടെലിഫോണിക് ഹിയറിംഗിലൂടെ കമ്മീഷനിൽ ബോധിപ്പിച്ചത് ഹർജിക്കാരന്റെ ധാരാളം വിവരാവകാശ അപേക്ഷകൾ ലഭിക്കാറുണ്ടെന്നും ടിയാന്റെ തന്നെ മറ്റൊരു വിവരാവകാശ അപേക്ഷയ്ക്ക് നൽകിയ മറുപടിയിൽ ഈ പരാതി ഹർജിക്ക് ആധാരമായ ടിയാന്റെ 30.07.2020 – ലെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കിയിട്ടുണ്ടെന്നുമാണ്.

4) ഇത് സംബന്ധിച്ച് ഹർജിക്കാരൻ കമ്മീഷനിൽ ബോധിപ്പിച്ചത് വിവരാവകാശ അപേക്ഷയ്ക്ക് വ്യക്തമായ മറുപടിയും വിവരവും നൽകാത്തതിനാലാണ് വീണ്ടും വീണ്ടും വിവരാവകാശ അപേക്ഷകൾ സമർപ്പിക്കേണ്ട സാഹചര്യമുണ്ടാകുന്നതെന്നാണ്.

5) 30.07.2020 – ലെ വിവരാവകാശ അപേക്ഷയ്ക്ക് 04.09.2020 – നാണ് എസ്.പി.ഐ.ഒ. മറുപടി നൽകിയിരിക്കുന്നത്. കോവിഡ് 19 – ന്റെ പശ്ചാത്തലത്തിൽ മറുപടി നൽകുവാനുണ്ടായ കാലതാമസം മാപ്പാക്കാവുന്നതേയുള്ളൂ. അത് കമ്മീഷൻ മാപ്പാക്കുകയും ചെയ്യുന്നു. എന്നാൽ ചോദ്യങ്ങൾക്ക് ഉത്തരം നൽകുക എന്നത് വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നതല്ല എന്ന എസ്.പി.ഐ.ഒ. യുടെ കണ്ടെത്തൽ അംഗീകരിക്കുവാൻ കഴിയുന്നതല്ല. ചോദ്യം ചോദിക്കാതെ എങ്ങനെ വിവരം ശേഖരിക്കണമെന്ന് എസ്.പി.ഐ.ഒ. വിശദമാക്കിയിട്ടില്ല. ഒരു പൊതു അധികാര സ്ഥാനത്ത് ഏതെങ്കിലും രൂപത്തിൽ നിലവിലുള്ള ഒരു വിവരമാണ് ആവശ്യപ്പെടുന്നതെ



RIGHT TO INFORMATION

ങ്കിൽ, അത് ചോദ്യരൂപേണയാണ് ആവശ്യപ്പെടുന്നത് എന്നതു കൊണ്ടു മാത്രം അത്തരമൊരു വിവരം നിലനിൽക്കുന്നതല്ലാതാകുന്നില്ല. ചോദ്യത്തിൽക്കൂടി ആവശ്യപ്പെട്ട വിവരങ്ങൾ, അവ നിലവിലുള്ള വിവരങ്ങളാണെങ്കിൽ, വിവരാവകാശ നിയമ പ്രകാരം അപേക്ഷകർക്ക് ലഭിക്കുവാൻ അവകാശമുണ്ട്. ഈ പരാതി ഹർജിക്ക് ആധാരമായ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ എസ്.പി.ഐ.ഒ. യുടെ ഓഫീസിലെ ബന്ധപ്പെട്ട പ്രവർത്തി സംബന്ധിച്ച എഗ്രിമെന്റ്, എസ്റ്റിമേറ്റ് തുടങ്ങിയ രേഖകളിൽ ലഭ്യമായിട്ടുള്ളതാണ്. അതു കൊണ്ടാണ് അത്തരം രേഖകൾ പരിശോധിച്ച് വിവരം ശേഖരിക്കുവാൻ ഹർജിക്കാരന് നിർദ്ദേശം നൽകിയത്. അപ്രകാരം നിർദ്ദേശം നൽകുന്നതിനു പകരം ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് ടിയാൻ ആവശ്യപ്പെട്ട വിവരം നൽകിയിരുന്നെങ്കിൽ ഈ ഒരു പരാതി ഹർജി ഒഴിവാക്കാമായിരുന്നു. വളെരയേറെ സമയവും മനുഷ്യാധ്വാനവും ചെലവഴിച്ച് ശേഖരിക്കേണ്ട വിവരങ്ങളാണ് ആവശ്യപ്പെടുന്നതെങ്കിൽ അപ്രകാരം വിവിധങ്ങളായ വിവരം ശേഖരിക്കുന്നതു കൊണ്ട് ഒരു പൊതു അധികാര സ്ഥാനത്തിന്റെ വിഭവശേഷിയെ വളരെ പ്രതികൂലമായി വ്യതിചലിക്കുന്ന സാഹചര്യമാണുള്ളതെങ്കിൽ വിവരാവകാശ അപേക്ഷകന് വിവരം നിഷേധിക്കുന്നതിനു പകരം ഓഫീസിൽ നേരിട്ട് ഹാജരായി രേഖകൾ പരിശോധിച്ച് വിവരങ്ങൾ ശേഖരിക്കുവാൻ നിർദ്ദേശം നൽകാവുന്നതാണ്. എന്നാൽ അത്തരമൊരു സാഹചര്യം ഈ പരാതി ഹർജിയിൽ നിലനിൽക്കുന്നില്ല. അതിനാൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരം ഈ ഉത്തരവിന്റെ പകർപ്പ് ലഭിച്ച് 15 ദിവസത്തിനകം ടിയാന് സൗജന്യമായി ലഭ്യമാക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചുകൊണ്ട് ഈ പരാതി ഹർജി ഇന്നേ ദിവസം, 2021 ജനുവരി മാസം 12 – ാം തീയതി തീർപ്പാക്കുന്നു.

(ഒപ്പ്)
**എസ്. സോമനാഥൻ പിള്ള**
**വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി**

srv

STATE INFORMATION COMMISSION KERALA THIRUVANANTHAPURAM